**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് മതിയായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. എന്നാൽ അർഹരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രവേശനം ലഭിച്ച ശേഷം കോഴ്സുകൾ പൂർത്തിയാക്കാത്തവരുണ്ടോ; എങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ബിരുദ ബിരുദാനന്തര തലങ്ങളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ചിലരെങ്കിലും പ്രവേശനം ലഭിച്ച ശേഷം വിവിധ കാരണങ്ങളാൽ കോഴ്സ് പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് കോഴ്സിന്റെ കാലാവധിയിൽ തന്നെ അധിക പരിശീലനവും പിന്തുണയും നൽകുന്നതിനായി റെമഡിയൽ കോച്ചിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ/എയ്ഡഡ് മേഖലയിൽ എം.ബി.ബി.എസ്, ബി.വി.എസ്.സി എന്നീ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് റിപ്പീറ്റ് ചെയ്യുന്നതിന് 3 പ്രാവശ്യം വരെ ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിൽ പഠിക്കുന്നവർക്ക് 3 തവണ റിപ്പീറ്റ് ചെയ്യുന്നതിന് 50% നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു വരുന്നു. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലാനുസൃതമായി | (സി) | വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ